COVID – 19

# SPECIAL PARISH BULLETIN

ONLINE

Volume XI, October 2021

ST THOMAS FORANE CHURCH
Dharmaram, Bangalore - 29






ഇടയസന്ദേശം

# ജപമാല രാജ്ഞിയോടൊപ്പം

അതിസൂക്ഷ്മമായ വൈറസ് ഇന്ന് ലോകത്തെ ആകമാനം തളർത്തിയിരിക്കുമ്പോൾ പ്രതിരോധത്തിന്റെ വലിയ ആയുധമാവേണ്ടത് ജപമാലയാണ്. വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പ പറഞ്ഞു: 'കൈയിൽ എടുക്കുമ്പോൾ ആയുധവും കഴുത്തിൽ അണിയുമ്പോൾ ആഭരണവും ആണ് ജപമാല.'

വിവാഹ ജീവിതത്തിന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുവാനും ദാമ്പത്യ ജീവിതത്തിന്റെ വിശ്വസ്തത പുലർത്തുവാനുമുള്ള ശക്തി ലഭിക്കേണ്ടത് ജപമാലയിൽ നിന്ന് ആണ്.



വി. ചാവറ പിതാവ് പറഞ്ഞു: 'ചരടിൽ തീർത്ത സുവിശേഷമാണ് ജപമാല' എന്ന്. പരിശുദ്ധ അമ്മയുടെ പാദങ്ങളരികിൽ... 

പരിശുദ്ധ അമ്മ സ്ത്രീകളിൽ വച്ച് അനുഗ്രഹീത ആയത് അവൾ ദൈവവചനത്തെ നെഞ്ചേറ്റിയപ്പോഴാണ്. നമ്മുടെ ജീവിതത്തിൽ ജപമാലയെ നെഞ്ചോട് ചേർത്ത് വയ്ക്കാം.

വെഞ്ചരിച്ച കൊന്ത കഴുത്തിലണിയുന്നത് വിശ്വാസത്തിന്റെ പരസ്യ പ്രഘോഷണമാണ്. സാത്താന്റെ തല തകർത്തവളുടെ (വെളി. 12) സാന്നിദ്ധ്യം നമുക്ക് തരുന്ന ജപമാല വെറും ഫാഷനല്ല, മറിച്ച്
നമ്മുടെ ഒരു പാഷനാക്കാം. വെല്ലുവിളികളുടെ ഈ നാളുകളിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവിന് ഐക്യദാർഢ്യം പറയുന്നതോടൊപ്പം നമ്മുടെ യുവജനങ്ങൾക്കായി ഈ ജപമാല മാസത്തിൽ പ്രത്യേകം  പ്രാർത്ഥിക്കാം.

സസ്നേഹം

സിറിയക് മഠത്തിലച്ചൻ സി. എം. ഐ.
നിബിൻ അരീക്കത്താഴെ അച്ചൻ സി. എം. ഐ.
റിജോ കളത്തിലച്ചൻ സി. എം. ഐ.

## Thanks to our outgoing Trustees






കഴിഞ്ഞ വർഷങ്ങളിൽ (2018-21) ട്രസ്റ്റിമാരായി സ്തുത്യർഹമായ സേവനം ചെയ്ത പ്രൊഫസർ ഡോ. ജെയിൻ മാത്യു, ശ്രീ. മാത്യു കെ. ജോസഫ്, ശ്രീ. ബെന്നി സെബാസ്റ്റ്യൻ, ശ്രീ. നവീൻ ജോസഫ് എന്നിവർക്ക് ഇടവകയുടെ പേരിൽ പ്രത്യേകം നന്ദി അറിയിക്കുന്നു.

## Welcome & Prayerful Greetings to New Trustees








ശ്രീ. ജോയ് കോട്ടക്കൽ, ശ്രീ. ഡെന്നി എം. ചാക്കോ, ശ്രീ. ബാബു സഖറിയ, ശ്രീ. ആന്റണി പോത്താലിൽ, ശ്രീ. റോളി ജേക്കബ്, ശ്രീ. വി. കെ. ജോസഫ് എന്നിവരെ 2021-2022 വർഷത്തേക്കുള്ള ട്രസ്റ്റിമാരായി തിരഞ്ഞെടുത്തു. ഇവർക്ക് ഇടവകയുടെ പേരിൽ പ്രത്യേകം അഭിനന്ദനങ്ങളും, ആശംസകളും.

# ഇടവക വാർത്തകൾ

## ഇടവകയ്ക്ക് പുതിയ ആമ്പുലൻസ്

നമ്മുടെ ഇടവകക്ക് വേണ്ടി സൗത്ത് ഇന്ത്യൻ ബാങ്കിന്റെ സഹകരണത്തോടെ ആമ്പുലൻസ് വാങ്ങുകയും സെപ്റ്റംബർ 3-ാം തിയതി താക്കോൽ കൈമാറുകയും വെഞ്ചരിക്കുകയും ചെയ്തു. സൗത്ത് ഇന്ത്യൻ ബാങ്ക് പ്രതിനിധികൾ, രൂപതാ ചാൻസലർ, വികാരി, അസി. വികാരിമാർ, ട്രസ്റ്റീസ്, ഓഫീസ് സ്റ്റാഫ് തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.



## മോറിയാ മീറ്റ്'21 – യുവജന ധ്യാനം

ധർമ്മാരാം സെന്റ് തോമസ് യൂത്ത് അസോസിയേഷന്റെയും, സാന്തോം പ്രൊഫഷണൽ ഫോറത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 14, 15 തീയതികളിൽ യുവജനങ്ങൾക്കായി ഓൺലൈൻ ധ്യാനം നടത്തി. വൈകുന്നേരം 6 മണി മുതൽ 9 മണി വരെ സൂമിലൂടെ നടത്തിയ ധ്യാനം സെഹിയോൻ മിനിസ്ട്രീസ് ഡയറക്ടർ സേവ്യർഖാൻ വട്ടായിൽ അച്ചനും വിവിധ രാജ്യങ്ങളിലുള്ള AFCM Youth Team ഉം ചേർന്ന് നയിച്ചു. നമ്മുടെ ഇടവകയിലെ യുവജനങ്ങൾക്കൊപ്പം വിവിധ രാജ്യങ്ങളിൽ നിന്നായി 400 ൽ അധികം പേർ ധ്യാനത്തിൽ പങ്കെടുത്ത് ദൈവാനുഭവം സ്വന്തമാക്കി.



## സ്വർഗ്ഗാരോപണ തിരുനാൾ

ആഗസ്റ്റ് 15-ാം തിയതി, മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും, ഭാരതത്തിന്റെ സ്വാതന്ത്ര്യദിനവും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ആഘോഷിച്ചു. രാവിലെ 7.15ന്റെ ആഘോഷമായ ദിവ്യബലിക്കുശേഷം ഫാ. ജെയിംസ് മഠത്തിച്ചിറ പതാക ഉയർത്തി. തുടർന്ന് 9 മണിയുടെ ദിവ്യബലിക്ക് ഫാ. ബിജോ മറ്റപറമ്പിൽ കാർമ്മികത്വം വഹിച്ചു.



## വാർഷിക പൊതുയോഗവും ട്രസ്റ്റിമാരുടെ തെരഞ്ഞെടുപ്പും

ആഗസ്റ്റ് 29-ാം തിയതിയും സെപ്റ്റംബർ 5-ാം തിയതിയും നടന്ന പൊതുയോഗങ്ങളിൽ നിന്ന് ശ്രീ. ജോയ് കോട്ടക്കൽ, ശ്രീ. ഡെന്നി എം. ചാക്കോ, ശ്രീ. ബാബു സഖറിയ, ശ്രീ. ആന്റണി പോത്താലിൽ, ശ്രീ. റോളി ജേക്കബ്, ശ്രീ. വി. കെ. ജോസഫ് എന്നിവരെ ട്രസ്റ്റിമാരായി തെരഞ്ഞെടുത്തു. സെപ്റ്റംബർ 12-ാം തിയതി ഞായറാഴ്ച 7.15 ന്റെ വിശുദ്ധ കുർബ്ബാനമദ്ധ്യേ 2021-2022 വർഷത്തേക്കുള്ള ട്രസ്റ്റിമാർ സത്യപ്രതിജ്ഞ ചെയ്ത് ചുമതല ഏറ്റെടുത്തു.

കഴിഞ്ഞ വർഷങ്ങളിൽ (2018-21) ട്രസ്റ്റിമാരായി സേവനം ചെയ്ത പ്രൊഫസർ ഡോ. ജെയിൻ മാത്യു, ശ്രീ. മാത്യു കെ. ജോസഫ്, ശ്രീ. ബെന്നി സെബാസ്റ്റ്യൻ, ശ്രീ. നവീൻ ജോസഫ് എന്നിവരെ മെമന്റോ നൽകി ആദരിച്ചു.



## എട്ടുനോമ്പ്

പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാളിനൊരുക്കമായുള്ള 8 നോമ്പാചരണം സെപ്റ്റംബർ 1 മുതൽ 8 വരെയുള്ള തീയതികളിൽ നടത്തി. വൈകുന്നേരം 5.30 ന് ജപമാല, ദിവ്യബലി തുടർന്ന് എട്ടുനോമ്പ് പ്രാർത്ഥനയും, നേർച്ച വിതരണവും ഉണ്ടായിരുന്നു. സമാപന ദിവസം ആഘോഷമായ ജപമാല പ്രദക്ഷിണം ഉണ്ടായിരുന്നു.



## Altar Boys' Meeting

സെപ്റ്റംബർ 25 ന് Altar Boys ന്റെ മീറ്റിംഗ് കൂടുകയും ഒക്ടോബർ മാസത്തിലെ ജപമാലയ്ക്ക് ഒരുങ്ങുവാൻ ഓർമ്മിപ്പിക്കുകയും ചെയ്തു. കോവിഡ് കുറയുന്ന സാഹചര്യത്തിൽ എല്ലാ ശനിയാഴ്ചയും Altar Boys നായുള്ള ട്രെയിനിംഗ് ബഹു. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ആരംഭിച്ചു. പുതുതായി സംഘടനയിൽ ചേരുവാൻ ആഗ്രഹിക്കുന്നവർക്ക് പാരീഷ് ഓഫീസിൽ പേര് നൽകാവുന്നതാണ്.

## കോവിഡ് 19 വാക്സിനേഷൻ ക്യാമ്പ്

ഇടവകയുടെ നേതൃത്വത്തിൽ ബി.ബി.എം.പി.യുമായി സഹകരിച്ച് കോവിഡ് 19 വാക്സിനേഷൻ ക്യാമ്പുകൾ ആഗസ്റ്റ് 21, 22, 28, 29 സെപ്റ്റംബർ 25, 27, ഒക്ടോബർ 2 തിയതികളിൽ നടത്തി. 800 ൽ അധികം പേർ വാക്സിൻ സ്വീകരിച്ചു.



## വാഹന വെഞ്ചരിപ്പ്

St Christopher Association ന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 26-ാം തിയതി വാഹന ആശീർവ്വാദ ദിനമായി ആചരിച്ചു. വിശുദ്ധ കുർബാനകൾക്കുശേഷം അപകടരഹിത യാത്രയ്ക്കുള്ള പ്രത്യേക പ്രാർത്ഥനയും വാഹന വെഞ്ചരിപ്പും നടത്തി. ഇതിനുവേണ്ട ക്രമീകരണങ്ങൾ നടത്തിയ സംഘടനാ ഭാരവാഹികൾക്ക് നന്ദി.





## Orphanage visit by Youth

സെന്റ് തോമസ് യൂത്ത് അംഗങ്ങളും കാറ്റക്കിസം 12-ാം ക്ലാസ്സ് വിദ്യാർത്ഥികളും ചേർന്ന് മഡിവാളയിൽ ഫ്രാൻസിസ്കൻ സിസ്റ്റേഴ്സ് ഓഫ് സെന്റ് എലിസബത്ത് നടത്തുന്ന ചിൽഡ്രൻസ് ഹോം സന്ദർശിക്കുകയും കുട്ടികൾക്ക് വിവിധ പരിശീലന പരിപാടികൾ നടത്തിവരികയും ചെയ്യുന്നു.



## ജപമാല ആഘോഷം


ഒക്ടോബർ മാസത്തിലെ ജപമാല ആഘോഷം പള്ളിയിൽ 1-ാം തിയതി വെള്ളിയാഴ്ച മുതൽ 10-ാം തിയതി ഞായറാഴ്ചവരെയും ആഘോഷമായ ജപമാല സമാപനം 31-ാം തിയതി ഞായറാഴ്ചയും നടത്തുന്നു. വൈകുന്നേരം 6 മണിയുടെ വിശുദ്ധ കുർബാനയ്ക്കുശേഷം നടത്തുന്ന ജപമാലയ്ക്ക് ബഹു. സിസ്റ്റേഴ്സും വിവിധ വാർഡംഗങ്ങളും നേതൃത്വം നൽകുന്നു. വാർഡുകളിലെ 10 ദിവസത്തെ ജപമാല ആഘോഷം 11 മുതൽ 30 വരെയുള്ള തീയതികളിലായി പാരീഷ് ഹാളിലും ഓൺലൈനിലുമായി നടത്തുന്നു.

## അഭിനന്ദനങ്ങൾ!

- Family Apostolate, Mandya നടത്തിയ സങ്കീർത്തന രചന മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും Memento സമ്മാനിച്ചു. വിജയികൾക്കും പങ്കെടുത്തവർക്കും അഭിനന്ദനങ്ങൾ!
- ബിബ്ലിയ എഴുത്ത് മത്സരത്തിൽ പങ്കെടുത്ത എല്ലാ അമ്മമാരും ഹുളിമാവ്, സാന്തോം ചർച്ചിൽ വച്ച് നടന്ന മീറ്റിംഗിൽ സംബന്ധിക്കുകയും സമ്മാനങ്ങൾ സ്വീകരിക്കുകയും ചെയ്തു.

## Animation Visit

മണ്ഡ്യ രൂപതാ Commission for Bible and Catechism Animation Team **26.09.2021** ന് ഓൺ ലൈനായി നമ്മുടെ സൺഡേ സ്കൂൾ സന്ദർശിക്കുകയും കുട്ടികളും ടീച്ചേഴ്സുമായി ആശയവിനിമയം നടത്തുകയും ചെയ്തു. തുടർന്ന് നടന്ന സ്റ്റാഫ് മീറ്റിംഗിൽ വിശ്വാസപരിശീലന രംഗത്ത് നമ്മൾ നടത്തുന്ന പ്രയത്നങ്ങളെ പ്രശംസിക്കുകയും കൂടുതൽ ശ്രദ്ധിക്കേണ്ട മേഖലകളെ ചൂണ്ടിക്കാണിക്കുകയും ചെയ്തു.



## ആദ്യകുർബാന–സ്ഥൈര്യലേപന ക്ലാസ്സുകൾ

2022 ജനുവരി 9 ന് നടക്കുന്ന ആദ്യകുർബാന–സ്ഥൈര്യലേപന സ്വീകരണത്തിന്റെ ക്ലാസ്സുകൾ ഒക്ടോബർ 31–ാം തിയതി ആരംഭിക്കുന്നു. ആദ്യകുർബാന–സ്ഥൈര്യലേപന കൂദാശകൾ സ്വീകരിക്കുന്നവരും, ക്ലാസ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവരുമായ കുട്ടികളുടെ മാതാപിതാക്കൾ പാരീഷ് ഓഫീസിൽ നിന്ന് ഫോം വാങ്ങി പൂരിപ്പിച്ച് ഒക്ടോബർ 10 നകം തിരിച്ച് കൊടുക്കേണ്ടതാണ്.

## ലോഗോസ് ക്വിസ് 2020–21

ലോഗോസ് പരീക്ഷ: 19 ഡിസംബർ 2021, 2.00–3.30 PM

രജിസ്ട്രേഷൻ: 1–15 ഒക്ടോബർ, 2021

രജിസ്ട്രേഷൻ ഫീസ്: 10 രൂപ

പാഠഭാഗങ്ങൾ: നിയമാവർത്തനം 22–34; പ്രഭാഷകൻ 18–22; മർക്കോസ് 1–8; 1 കോറിന്തോസ് 1–8.

ഭാഷ: മലയാളം, ഇംഗ്ലീഷ്; (പി.ഒ.സി. ബൈബിളും, ഇംഗ്ലീഷിന് NRSV ബൈബിളും)

ഈ വർഷം ഗ്രൂപ്പുവിഭജനം ഇല്ലാതെ ഒറ്റ ചോദ്യപേപ്പർ മാത്രം

ചോദ്യങ്ങൾ: 100 ചോദ്യങ്ങൾ (4 ഓപ്ഷനുകൾ) + 10 ചോദ്യങ്ങൾ പഠനസഹായി (പഠനബൈബിൾ), പൊതുവിജ്ഞാനം എന്നിവയിൽനിന്ന് (റാങ്ക് നിശ്ചയിക്കാൻ മാത്രം)

80 ശതമാനത്തിനു മുകളിൽ മാർക്കു ലഭിക്കുന്നവർക്ക് ബൈബിൾ സൊസൈറ്റിയുടെ സർട്ടിഫിക്കറ്റ്

**സംസ്ഥാനതല ഫൈനൽ: 15 ജനുവരി, 2022**

(ഓരോ രൂപതയിൽനിന്നും ഒന്നും രണ്ടും റാങ്കുജേതാക്കൾ മാത്രം)

**സംസ്ഥാനതല സമ്മാനങ്ങൾ:**

**1: 25000 രൂപ; 2: 20000 രൂപ; 3: 15000 രൂപ;**

**4: 10000 രൂപ; 5: 5000 രൂപ;**

**പങ്കെടുക്കുന്ന മറ്റുള്ളവർക്ക്: 1500 രൂപ വീതം**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റി നടത്തുന്ന ലോഗോസ് ക്വിസിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ താഴെ കാണുന്ന ലിങ്ക് വഴി ഗൂഗിൾ ഫോം ഫിൽ ചെയ്ത് ഒക്ടോബർ 15 നകം സബ്മിറ്റ് ചെയ്യേണ്ടതാണ്.

ലിങ്ക്: https://forms.gle/pifCXHg4a7RAB1hb8

(പരീക്ഷ കൊറോണ പ്രോട്ടോക്കോൾ അനുസരിച്ച് നടത്തുന്നതാണ്.)

## VAULT CEMETERY

Vault Cemetery യുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇടവകാംഗങ്ങളുടെ സഹകരണത്തോടെ അതിവേഗത്തിൽ നടന്നുവരുന്നു. Vault Cemetery നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകികൊണ്ടിരിക്കുന്ന കുടുംബങ്ങൾക്ക് നന്ദി. കഴിവനുസരിച്ച് എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സംഭാവനകൾ വാഗ്ദാനം ചെയ്തവർ എത്രയും വേഗം ഓഫീസിൽ അടച്ച് Receipt കൈപറ്റണമെന്ന് ഓർമ്മിപ്പിക്കുന്നു.

A/C NAME - ST. THOMAS PARISH VAULT & FUNERAL
A/C 039605300016711
BANK - SOUTH INDIAN BANK
BRANCH - CHRIST UNIVERSITY, BANGALORE
IFSC - SIBL0000396
MICR code: 560059010

## UPCOMING EVENTS

| | |
|---|---|
| Oct 1 Fri | Feast of St. Theresa of Lisieux |
| Oct 4 Mon | Feast of St. Francis of Assisi |
| **October 1 - 10** | **10 days Rosary in the Church** |
| **October 11 - 30** | **10 days Rosary in Wards** |
| **Oct 31 Sun** | **Solemn Rosary Conclusion** |
| Oct 12 Tue | Three days devotion to St. Theresa of Avila |
| Oct 15 Fri | Feast of St. Theresa of Avila |
| Oct 16 Sat | Bl. Thevarparambil Kunjachan |
| Oct 10 Sun | Parish Council Meeting |
| Oct. 31 Sun | Classes begin for 1st H. Comm. & Chrismation students |
| Nov. 1 Mon | All Saints Day |
| Nov. 2 Tue | All Souls Day |
| Nov 5 Fri | Sts. Zachariah & Elizabeth |